(ബി) ചേർത്തല താലൂക്ക് ആശുപത്രിയിലെ ജെറിയാട്രിക് ക്ലിനിക് എല്ലാ മാസങ്ങളിലും രണ്ടാം ശനിയാഴ്ച ഒഴികെയുള്ള എല്ലാ ശനിയാഴ്ചകളിലും രാവിലെ 10 മുതൽ 1 മണിവരെ പ്രവർത്തിച്ചുവരുന്നു. ഡോ. ജോസഫ് ജോസഫ്, ജൂനിയർ കൺസൾട്ടന്റിനെ ഈ ക്ലിനിക്കിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നു. ഇതിനായി പ്രത്യേക രജിസ്റ്ററുകളും സൂക്ഷിക്കുന്നുണ്ട്. ആശുപത്രിയിൽ പഴയ കാഷ്വാലിറ്റി പ്രവർത്തിച്ചിരുന്ന ജൂബിലി ബ്ലോക്ക് കെട്ടിടത്തിൽ സാന്ത്വന പരിചരണ വിഭാഗം പ്രവർത്തിക്കുന്നതിന്റെ തൊട്ടടുത്ത മുറിയാണ് ജെറിയാട്രിക് ക്ലിനിക്കായി പ്രവർത്തിക്കുന്നത്.

അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ

81 (4365) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പനി, മഞ്ഞപ്പിത്തം, ചെങ്കണ്ണ് തുടങ്ങിയ അസുഖങ്ങൾ പടർന്നു പിടിക്കുന്നതു കണക്കിലെടുത്ത് ഒഴിഞ്ഞു കിടക്കുന്ന അസിസ്റ്റന്റ് സർജൻമാരുടെ തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

നിലവിലുള്ള അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിൻപ്രകാരം പി.എസ്.സി.-യുടെ നിയമന ശിപാർശ ലഭിച്ചതനുസരിച്ച് 20-12-2014-ൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നടക്കുന്ന കൗൺസിലിംഗിൽ നിയമന ഉത്തരവ് നൽകി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പുളിങ്കുന്ന്, എടത്വ, കൈനകരി ആശുപത്രികളുടെ നവീകരണം

82 (4366) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്ന് താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എടത്വ ആശുപത്രി, കൈനകരി പി. എച്ച്. സെന്റർ എന്നിവ അപ്ഗ്രേഡ് ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷയിൻമേൽ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ടി ആശുപത്രിയിൽ ശുദ്ധജല വിതരണത്തിന് 22 ലക്ഷം രൂപ ചെലവിൽ ആർ.ഒ. പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ടിൽനിന്നും 1,50,000 രൂപ ചെലവിൽ വനിതാ ശിശു വാർഡിന്റെ മുൻവശം മണ്ണിട്ട് ഉയർത്തിയിട്ടുണ്ട്. പീഡിയാട്രിക്സ്, ജനറൽ മെഡിസിൻ, ഓർത്തോ, ഒ. ആന്റ് ജി., കൺസൾട്ടന്റ് പീഡിയാട്രീഷൻ, ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രീഷൻ, ജൂനിയർ കൺസൾട്ടന്റ് ഒഫ്താൽമോളജിസ്റ്റ്, ജൂനിയർ കൺസൾട്ടന്റ് സർജറി, കൺസൾട്ടന്റ് അനസ്തേഷ്യ എന്നീ സ്പെഷ്യാലിറ്റികൾ അനുവദിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

പാലിയേറ്റീവ് കെയർ സെന്റർ സ്റ്റാഫിന് വേതനം നൽകുന്ന നടപടി

83 (4367) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.എച്ച്.സി.കളോട് ചേർന്ന് പ്രവർത്തിക്കുന്ന പാലിയേറ്റീവ് കെയർ സെന്ററുകളിൽ ജോലി ചെയ്യുന്ന നഴ്സുമാർക്കും അനുബന്ധ സ്റ്റാഫിനും വേതനം നൽകുന്നതിനായി എത്ര തുകയാണ് നിശ്ചയിച്ചിട്ടുള്ളത്; ഇതിൽ പഞ്ചായത്ത് വിഹിതം, ആരോഗ്യവകുപ്പിൽ നിന്നുള്ള വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള വിഹിതം എന്നിവ ഓരോന്നും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ജോലി ചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ മുഖാന്തിരം നടത്തുന്ന സാന്ത്വന പരിചരണ പദ്ധതിയിൽ ഒരു കമ്മ്യൂണിറ്റി നഴ്സിന്റെ നേതൃത്വത്തിലാണ് ഗൃഹ കേന്ദ്രീകൃത രോഗീപരിചരണം നടത്തുന്നത്. കമ്മ്യൂണിറ്റി നഴ്സിന് നിലവിൽ 6000 രൂപയാണ് ഓണറേറിയമായി നൽകുന്നത്. , ഈ തുക അതാത് തദ്ദേശസ്വയംഭരണ സ്ഥാപനം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നൽകുന്നത്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ അതേ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ മെഡിക്കൽ ഓഫീസറാണ്. ആരോഗ്യ വകുപ്പിൽനിന്നും തുക അനുവദിക്കുന്നില്ല.

(ബി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly